മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 23

**വാർത്താക്കുറിപ്പ്**

---

## ഇന്റർ കൊളീജിയറ്റ് ക്വിസ് മത്സരം 28ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അഖിലകേരള ഇന്റർ കൊളീജിയറ്റ് ക്വിസ് മത്സരം ഇകോൺസ്പയർ നവംബർ 28ന് നടക്കും.

സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലെയും കോളേജുകളിൽനിന്നുള്ള ഡിഗ്രി, പി.ജി വിദ്യാർഥികൾക്ക് പങ്കെടുക്കാം. കോളജുകളിലെ ഒരോ ഡിപ്പാർട്ട്മെന്റിൽനിന്നും രണ്ടു പേർ ഉൾപ്പെട്ട ഒരു ടീമിന് രജിസ്റ്റർ ചെയ്യാം. രാവിലെ 9.30 മുതൽ സർവകലാശാലാ കാമ്പസിലെ കൺവർജൻസ് അക്കാദമിയ കോംപ്ലസിലാണ് മത്സരം.

ഒന്നാം സ്ഥാനം നേടുന്ന ടീമിന് പതിനായിരം രൂപ സമ്മാനമായി ലഭിക്കും. രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം അയ്യായിരം രൂപയും മൂവായിരം രൂപയുമാണ് സമ്മാനത്തുക. നവംബർ 26വരെ രജിസ്ട്രേഷൻ നടത്താം. ഫോൺ: 8606807145, 8547445242, 9633117256.

(പി.ആർ.ഒ./39/1653/2022)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.വോക് (2018,2019 അഡ്മിഷൻ സപ്ലിമെൻററി, പുതിയ സ്കീം) ബിരുദ പരീക്ഷകൾ ഡിസംബർ ഒന്നിന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1654/2022)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് അഡ്വാൻസ്ഡ് കോഴ്സ് ഇൻ മൾട്ടി സ്പോർട്സ് ആൻറ് ഫിറ്റ്നസ് ട്രെയിനിംഗ് (പുതിയ സ്കീം, 2020 അഡ്മിഷൻ റഗുലർ, 2019,2018 അഡ്മിഷൻ റീ-അപ്പിയറൻസ്,ഇംപ്രൂവ്മെൻറ് - സെപ്റ്റംബർ 2022) ബിരുദ പരീക്ഷയുടെ മാറ്റി വച്ച പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ ഒന്ന്, രണ്ട് തീയതികളിൽ മാറമ്പള്ളി എം.ഇ.എസ്. കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1655/2022)

## സബ് സെൻറർ

നാളെ (നവംബർ 25) ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.-പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ., ബി.കോം (2019,2018,2017 അഡ്മിഷൻ റീ-അപ്പിയറൻസ്, അഡീഷണൽ ഇലക്ടീവ്) പരീക്ഷകൾക്ക് അനുവദിച്ച സബ് സെൻറർ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അതത് പരീക്ഷാ കേന്ദ്രങ്ങളിൽ ഹാജരാകണം.

(പി.ആർ.ഒ./39/1656/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഡിസംബർ ഒൻപതിന് ആരംഭിക്കുന്ന ഐ.എം.സി.എ. (2020 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് അപേക്ഷ നൽകാം. പിഴയില്ലാതെ നവംബർ 30 വരെയും പിഴയോടു കൂടി ഡിസംബർ ഒന്നിനും സൂപ്പർ ഫൈനോടു കൂടി ഡിസംബർ രണ്ടിനും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ./39/1657/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**